കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.6)1171/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തീയ്യതി:01/12/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- ഒരുമനയൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-14, 1-18, 1-20, 1-27 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.6)-1171/2020 തീയ്യതി :01/12/2020

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-10-2018 മുതൽ 11-10-2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28

അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 22.10.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നിർമ്മൽ.കെ.ജി<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ.കെ.വി<br>അസി.ഓഡിറ്റ് ഓഫീസർ<br>(15.10.2020 മുതൽ 22.10.2020 വരെ) |
| | ശ്രീമതി.ഹണി.കെ.എസ്<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി.<br>അസി.ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അഷിത കുണ്ടിയത്ത് | 01/04/18 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | ശ്രീമതി.അനുപമ.എ.വി | 01/04/18 മുതൽ 31/03/2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| പേര്, ഉദ്യോഗപ്പേര് | കാലയളവ് |
|---|---|
| പ്രതീഷ്<br>കൃഷി ഓഫീസർ | 01/04/18 മുതൽ 31/03/2019 വരെ |

| | |
|---|---|
| രാജിമോൾ<br>അസിസ്റ്റന്റ് എഞ്ചിനീയർ | 01/04/18 മുതൽ 31/03/2019 വരെ |
| ഡോ.രാഗി വിജയൻ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | 01/04/18 മുതൽ 13/03/2019 വരെ |
| ഡോ.നിബിൻ കൃഷ്ണ | 14.03.2019 മുതൽ 31.3.2019 വരെ |
| ഡോ.സരിത<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം | 01/04/18 മുതൽ 20/07/2018 വരെ |
| ഡോ.ദിൽഷ | 21/07/18 മുതൽ 31/03/2019 വരെ |
| ഡോ.മനോജ് ടി<br>വെറ്ററിനറി സർജൻ | 01/04/18 മുതൽ 31/03/2019 വരെ |
| പത്മ എം എ<br>വി.ഇ.ഒ. (മുത്തമ്മാവ് സർക്കിൾ) | 01/04/18 മുതൽ 31/03/2019 വരെ |
| സ്മിത എ വി<br>വി.ഇ.ഒ. (ഒരുമനയൂർ സർക്കിൾ) | 01/04/18 മുതൽ 31/03/2019 വരെ |
| പ്രത്യുഷ കെ ജെ<br>ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01/04/18 മുതൽ 31/03/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | സാമ്പത്തിക വിശകലനം | 1–3 |
| 4 | ഫണ്ട് വിനിയോഗം | 1–4 |
| 5 | പദ്ധതി അവലോകനം | 1–5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1–6 |
| 7 | ക്ഷേമപദ്ധതികൾ | 1–7 |
| 8 | ക്യാഷ് പരിശോധന | 1–8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1–9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1–11 |
| 12 | നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1–12 |
| 13 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ്- ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല | 1–13 |
| 14 | രശീതി പരിശോധന- രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1–14 |
| 15 | കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം- രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല | 1–15 |
| 16 | പൂർത്തീകരിച്ച കെട്ടിട നിർമ്മാണങ്ങൾക്ക് നിയമാനുസൃത നമ്പർ/യു.എ നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല | 1–16 |
| 17 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ നൽകി -വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ ഗണ്യമായ കുറവ് | 1–17 |
| 18 | വസ്തു നികുതി -നിർണ്ണയിച്ചതിലെ വ്യത്യാസം -മറ്റു അപാകതകൾ | 1–18 |

| | | |
|---|---|---|
| 19 | പേറിവിഷൻ അരിയർ --അനുവദിച്ചതിലെ അപാകതകൾ | 1-19 |
| 20 | കുടിവെള്ളവിതരണം -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-21 |
| 22 | തെരുവുവിളക്ക് പരിപാലനം --പഞ്ചായത്തിൽ കൃത്യമായ വിവരങ്ങൾ ഇല്ല | 1-22 |
| 23 | ഹോണറേറിയം യഥാസമയം കൈമാറിയില്ല | 1-23 |
| 24 | കുടിവെള്ളഫൈബർ ടാങ്ക് വിതരണം-- അപാകതകൾ | 1-24 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -- പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല . | 1-25 |
| 26 | വെള്ളക്കരം അടവാക്കൽ -- അടവാക്കിയ മുഴുവൻ തുകയും വാട്ടർ അതോറിറ്റി കണക്കാക്കിയിട്ടില്ല | 1-26 |
| 27 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല -- ഭരണസമിതി തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് | 1-27 |
| 28 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-28 |
| 29 | വിവിധ സ്രോതസിൽ നിന്നുള്ള ഫണ്ട് -- വിനിയോഗിക്കുന്നതിലെ അപാകതകൾ | 1-29 |
| 30 | ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ അപാകതകൾ | 1-30 |
| 31 | കുടുംബശ്രീ സ്വയം സഹായ സംഘം കാൻറീൻ - കരാർ വ്യവസ്ഥകൾ പാലിച്ചില്ല | 1-31 |
| 32 | വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 33 | ആശുപത്രി മാനേജിംഗ് കമ്മറ്റികൾ | 1-33 |
| 34 | തൊഴിലുറപ്പുപദ്ധതി ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-34 |
| | ഭാഗം-2 | |
| 35 | - | 2-1 |
| | ഭാഗം-3 | 3-9 |
| 36 | ഇല്ല | 3-1 |
| | ഭാഗം-4 | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 49 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

27.03.2018 തീയതിയിലെ 01/18-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.03.2019 തീയതിയിലെ 7(15)/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം 79149389/- രൂപ വരവും, 7,90,30,616/- രൂപ ചെലവും ഉണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2019 | 09.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4702813.80 |
| വരവ് | 33344461.00 |
| ആകെ | 38047274.80 |
| ചെലവ് | 34714208.00 |
| നീക്കിയിരിപ്പ് | 3333066.80 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7335000 | 7335000 | 7204473 | 130527 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2904000 | 2904000 | 2904000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 51000 | 51000 | 51000 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 27,80,000 | 27,80,000 | 27,80,000 | NIL |
| മെയിന്റനൻസ്, റോഡ് | 0 | 4208000 | 4208000 | 4208000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3172000 | 3172000 | 2761765 | 410235 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 36926459 | 115 | 24223244 | 14 | 0 | 73.64% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1978 | 398442 | 400420 | 397385 | 3035 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം) | 0 | 9782336 | 9782336 | 9782336 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3240 | 01 |
| കർഷകതൊഴിലാളി പെൻഷൻ | 1438800 | 105 |
| വിധവാ പെൻഷൻ | 8226400 | 699 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 10346000 | 955 |
| വികലാംഗ പെൻഷൻ | 1801600 | 149 |
| 50 വയസ്സിന മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 339600 | 31 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/10/2020-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7887/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ കാണുന്നു.
*ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശം ഉയർത്തിയിട്ടുണ്ട്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
*ഗ്രാമപഞ്ചായത്ത്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം അതിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*പദ്ധതികളിൽ മോണിറ്ററിംഗ് വേണ്ടവിധം നടത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിന് ശേഷം മോണിറ്ററിംഗ് സമിതികളായി മാറി മോണിറ്ററിംഗ് നടത്തുന്നില്ല. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അതാത് മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. ഇപ്രകാരം രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വികസന മേഖലയിൽ തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) പരിശോധനയ്ക്ക് ലഭിച്ചില്ല.

*സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കുന്നില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ വിവരം (സ്ഥാപന വിവരം, എണ്ണം, തുക) ഇഷ്യൂ ചെയ്തതിന്റെ വിവരം, ബാലൻസ് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി വർഷാന്ത്യ സ്റ്റോക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.
*ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2020 | 01/2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/7/16 | 2011-12 മുതൽ 2015-16 വരെ | 27/10/16 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1258465 | 1207789 | 61449 | 3 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1258465 | 1207739 | 61449 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 961901 | 951404 | 15244 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 961901 | 951266 | 15244 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8646 | 8658 | 10 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 8658 | 0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8400 | 8399 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 8399 | 0 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ഡിമാന്റ് | ബാക്കി |
|---|---|---|---|---|---|

| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | കുറവ് ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 64061 | 453 | 64514 | 61271 | 434 | 61705 | 3216 | | 1 | 3 | 0 |
| | നോൺ-റെസിഡൻഷ്യൽ | 48643 | 420 | 49063 | 47888 | 421 | 48309 | 841 | | 0 | 0 | 0 |
| | ആകെ | | | 113577 | | | 110014 | 4057 | | | | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 106013 | | | 110014 | | 106013 | | | 0 |
| | | 0+106013 =106013 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State govt. Cess/levies. ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ (ലൈബ്രറി സെസ്സ് അടക്കം) |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 359530 | 11192 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 10337 | 4833 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 81 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 03.12.2018-ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 1,10,014/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ട് എങ്കിലും മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 1,06,013/- രൂപയാണ് (വൗച്ചർ 41800242 തീ 31.03.2019. (60970+45043=106013)(പട്ടിക 2.3 കാണുക ).

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4 വാടക ഡിമാന്റ് രജിസ്റ്റർ

3.5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങളുടെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|
| Ownership change fee | 11050 |
| Other User charges Collected | 22500 |
| Penalties and Fines | 10842 |
| Sale of Tender Forms | 69200 |
| Sale of Other Forms | 1575 |

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (8658) |
| 280100104-Prior period income-Property tax on non residential buildings | (16705) |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1369747) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,61,851/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 1,12,999/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2018-19, രണ്ടാം അർദ്ധവർഷം ആർജ്ജിച്ച ആസ്തികളുടെ ഡിപ്രീസിയേഷൻ മാത്രമേ കണക്കാക്കിയിട്ടുള്ളൂ.

10. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല.

11. താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക | കുറിപ്പുകൾ |
|---|---|---|---|
| 450230101 | തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് | 587295 | 2016-17 ൽ കേന്ദ്ര അവാർഡ് ഇനത്തിൽ ലഭിച്ച (പി എച്ച്സി ലാബ് കെട്ടിട നിർമ്മാണത്തിനായി) 1500000 രൂപയിൽ 2018-19 ൽ 912795 രൂപ ചെലവഴിച്ചിട്ടുണ്ട്. 31/03/2019 ന് ഈയിനത്തിൽ 5,87,205/- രൂപ നീക്കിയിരുപ്പുണ്ട് . |

12. 2017-18 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 460400101 -Advance to Suppliers എന്ന ശീർഷകത്തിൽ 1284570 രൂപ അഡ്വാൻസ് നീക്കിയിരുപ്പുണ്ട്. 2018-19ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2018-19 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ പ്രസ്തുത തുക അഡ്വാൻസ് നീക്കിയിരുപ്പായി കാണിച്ചിട്ടില്ല.

13. 2018-19 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 450250102-Treasury Ownfund VPFA 1_2 എന്ന അക്കൗണ്ടിൽ 204 രൂപയുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്, റീക്കൺസിലിയേഷൻ പത്രിക എന്നിവ ലഭ്യമായില്ല.

450210102-Fixed deposit receipt,Thrissur cooperative bank എന്ന ശീർഷകത്തിൽ 300 രൂപ നീക്കിയിരിപ്പുണ്ട്. Supply of offfice furniture എന്നതിന്റെ നിരതദ്രവ്യം ഇനത്തിൽ ലഭിച്ചതാണെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് (Peoples multi purpose Co-Operative Society Koorkkancheri എന്ന സ്ഥാപനത്തിന്റെ FDരശീതി നം 310/01.03.2008). ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

14. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ

| ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|
| 8400 | 8399 | 0 |
| 0 | 8399 | 0 |
| (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, | (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| ബി-15) | ഷെഡ്യൂൾ ആർ.പി-43) | ഡിമാന്റ് | കളക്ഷൻ | ബാക്കി |
| | | 8400 | 8399 | 0 |
| | | 0 | 8399 | 0 |
| | | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | | ഷെഡ്യൂൾ ബി-15) | | |

പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1,71,307/- രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ തുകയൊന്നും ചേർത്തിട്ടില്ല.

## 1-12 നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ജോലി/ബിസിനസ് ചെയ്യുന്നവരോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും മേൽ വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) 2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

i) പി.പി. സുനിൽകുമാർ

ii) പി.കെ സുഗതൻ

iii) മുഹമ്മദ് മോൻ .എൻ.പി

iv) അമീർ അലി

2)താഴെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| കെട്ടിട നം. | സ്ഥാപനം | ഉടമസ്ഥൻ |
|---|---|---|
| 11/112 | ജനുവിൻ ഇലക്ട്രിക്കൽസ് & ഹാർഡ് വെയർ | ഗിൽബർട്ട്.എൻ.ജെ |
| 1/36 എ,ബി,സി | ജോനാസ് ഫർണിഷിങ്സ് | വിനോദ്.കെ. ആന്റണി |
| 10/136 | അലിഫ് കോ പെട്രോളിയം | നൗഫൽ |
| 2/141 | അജയ്കൃഷ്ണ വെൽഡിങ്ങ് വർക്ക് | കെ.ബി. സുരേഷ്കുമാർ |
| 9/151ഡി | മുഹമ്മദ്. പി.ബി | മണപ്പുറം സിമന്റ് മെറ്റീരിയൽ |
| 9/86 | മനോജ് ഭാസ്കരനുണ്ണി | ദിവ്യ മെഡിക്കൽ സെന്റർ |
| 9/185 | മുത്ത് ഏജൻസീസ് ഐസ്ക്രീം സ്റ്റോക്ക് & സെയിൽസ് | രമേഷ് കുമാർ.ടി |

മേൽപ്പറഞ്ഞ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 12/19-10-20, 23/22-10-20)

## 1-13 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ്- ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. ആയതു പ്രകാരം ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ, സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങളായി തരംതിരിച്ച് ഓരോ തരത്തിനും ബാധകമായ നിരക്കിൽ ലൈസൻസ് ഫീസ് പട്ടിക രണ്ടു പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ഭേദഗതികൾ പ്രകാരം പഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 'പഞ്ചായത്തിൽ നിലവിലുള്ള പ്രാദേശിക പ്രത്യേകത കണക്കിലെടുത്ത് ലൈസൻസ് പുതുക്കിയത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ (നം. 14/14.02.18, 3/09.03.18, 17/20.03.18) ഉള്ളടക്കം ചെയ്യുന്നു' എന്ന മറുപടി നൽകി.

എന്നാൽ പ്രസ്തുത തീരുമാനങ്ങൾ പ്രകാരം ഓരോ തരം സംരംഭങ്ങളിൽ നിന്നും പഞ്ചായത്തിൽ ഈടാക്കേണ്ട ഫീസ് സംബന്ധിച്ച നിരക്കുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. 20.03.18 ലെ 17ാം നമ്പർ തീരുമാന പ്രകാരം 'വ്യാപാരി വ്യവസായി പ്രതിനിധികളെ വിളിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ധാരണയായ പ്രകാരം ലൈസൻസ് ഫീയും പ്രൊഫഷണൽ ടാക്സും കച്ചവടക്കാരിൽ നിന്നും ഈടാക്കുവാൻ ധാരണയാകുകയും അതുപ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മൂലധന നിക്ഷേപം, സംരംഭത്തിന്റെ തരം എന്നിവ സംബന്ധിച്ച് അപേക്ഷകളിലും രേഖപ്പെടുത്തലുകളില്ല. ആയതിനാൽ ചട്ട പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിക്കപ്പെടുകയോ, ഈടാക്കുകയോ ചെയ്തു എന്ന് ഓഡിറ്റിന് ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല.

2.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233(4) എ.സി, മേൽ ഭേദഗതി ഉത്തരവിലെ റൂൾ 5-എ എന്നിവ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനായി മറ്റു വകുപ്പുകളുടെ റിപ്പോർട്ടുകളോ, നിരാക്ഷേപ സാക്ഷ്യപത്രങ്ങളോ പരിഗണിക്കേണ്ടതുണ്ടെങ്കിൽ ആയത് ലഭ്യമാക്കിയെന്നുറപ്പുവരുത്തിയതിനു ശേഷം ലൈസൻസ് അനുവദിക്കാവുന്നതാണ്. എന്നാൽ പല അപേക്ഷകളോടൊപ്പവും ആവശ്യമായ അനുമതികൾ, നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ഇല്ല.

ഉദാ: ഗോവിന്ദ ഫ്ലോർ മിൽ- മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, ബേക്ക് ഫീൽഡ് - വാടക കരാർ

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് ആവശ്യമായ അനുമതികൾ, നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3)സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ലൈസൻസ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതായ നികുതികളും ഫീസുകളും ഈടാക്കാത്തത് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതിന് ഇടവരുത്തുമെന്നതിനാൽ ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/19.10.2020)

## 1-14 രശീതി പരിശോധന- രേഖകൾ ലഭ്യമാക്കിയിട്ടില്ല

ശ്രീ.ജയൻ.ടി.ആർ, ക്ലർക്കിന് 18-19, 19-20, 20-21 സാമ്പത്തിക വർഷങ്ങളിലായി വിതരണം ചെയ്ത രസീതി പുസ്തകങ്ങളോടനുബന്ധിച്ച കളക്ഷൻ രജിസ്റ്റർ, വരവു തുക പഞ്ചായത്തിൽ അടവാക്കിയ രസീതികൾ എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയതിന്റെ അഭാവത്തിൽ ടി രശീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വെറ്ററിനറി സർജന് 2019-20 സാമ്പത്തിക വർഷം വിതരണം ചെയ്ത രശീതി പുസ്തകം 57476-ലെ 12 മുതൽ 19 വരെയുള്ള രശീതികൾ പ്രകാരം താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 5600 രൂപ പിരിച്ചെടുത്തിരുന്നു. എന്നാൽ ഈ തുക പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല. പദ്ധതി ഒഴിവാക്കിയതിനാൽ മേൽ പ്രകാരം പിരിച്ച തുക ഉൾപ്പെടെ മുഴവൻ അതായത് 26 ഗുണഭോക്താക്കളുടെ 700 രൂപ വീതം 18,200 രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകി. രശീതി പ്രകാരം വരവു വന്ന തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ വരവു വെച്ചതിനുശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.20/22.10.20)

## 1-15 കെട്ടിടനിർമ്മാണങ്ങളുടെ ക്രമവത്കരണം- രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല

1) താഴെ പറയുന്ന കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിച്ചതിനോടനുബന്ധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | ഏരിയ |
|---|---|---|
| 10/195/ബി | ഫൈസൽ.പി.പി | 232.18ച.മീ, വാസഗൃഹം |
| 3/219 എ | ജാരിസ് .കെ.വി | 21.68 ച.മീ ക്രമവത്കരിച്ച ഏരിയ- 35.61 ച.മീ<br>വാസഗൃഹം |
| 3/236/എ | ഫാത്തിമ മുതൽ പേർ | 138.12 ച.മീ, വാണിജ്യം |
| 11/17/എ | ഫിറോസ് ഹനീഫ | 205.52ച.മീ, വാസഗൃഹം |
| 4/204/ബി | റഫീക്ക് & സെറീന | 297.6ച.മീ, വാസഗൃഹം |

2) ക്രമവത്കരണ ഉത്തരവ് നം.A3-BA(289142)/2018 തീ.13.12.18 പ്രകാരം മുഹമ്മദ് ഹനീഫ എന്നവരുടെ 25.12. ച.മീ ഓഫീസ് കെട്ടിടം ക്രമവത്കരിച്ചു. 25.12x5x2 =251 രൂപ രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതിനു പകരം 126 രൂപ മാത്രമാണ് ഈടാക്കിയത്. കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.13/19.10.20, 22/22.10.20)

## 1-16 പൂർത്തീകരിച്ച കെട്ടിട നിർമ്മാണങ്ങൾക്ക് നിയമാനുസൃത നമ്പർ/യു.എ നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല.

1) താഴെ പറയുന്ന വ്യക്തികളുടെ വാസഗൃഹങ്ങൾ നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ക്രമവത്കരണത്തിനായി അപേക്ഷിച്ചവയാണ്. എന്നാൽ പല കാരണങ്ങൾ പ്രകാരം താത്കാലികമായി നിരസിച്ചവയുമാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

എ) ഹിഷാം പണിക്കവീട്ടിൽ-327.66 ച.മീ വാസഗൃഹം നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണം. 13/04/2018 ൽ ക്രമവത്കരണത്തിനായി അപേക്ഷിച്ചു. എ3-1219/18 തീയതി 02.07.19 പ്രകാരം ആർ.ഡി.ഒയുടെ അനുമതി ലഭ്യമാക്കുന്ന മുറക്ക് ക്രമവത്കരിക്കുന്നതാണെന്ന് കാണിച്ച് നിരസിച്ചു.

ബി) ഇന്ദിര- ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് 6/8/18 ന് നമ്പറിങ്ങിനായി 3/10/18 ന് ക്രമവത്കരണത്തിനുള്ള ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതിനായി എ3-290/18 പ്രകാരം അറിയിപ്പു നൽകി നിരസിച്ചു.

നിരസിച്ചതിനു ശേഷം ടി കെട്ടിട ഉടമകൾ അപേക്ഷ പുനസമർപ്പിച്ചിട്ടില്ലെന്നും ആയതിനാൽ മേൽ കെട്ടിടങ്ങൾക്ക് നാളിതുവരെ നിയമാനുസൃത നമ്പർ/അനധികൃത കെട്ടിട നിർമ്മാണ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1), (2) എന്നിവ പ്രകാരം യു.എ നംപർ നൽകി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എഎ വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നിയമാനുസൃത നികുതി ചുമത്തേണ്ടതാണ്. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ട തുക നാളിതു വരെ ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കെട്ടിട നിർമ്മാണങ്ങളോടനുബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മുഹമ്മദ് സഹീർ, മംഗലത്ത് ഹൗസ് എന്നവരുടെ പേരിലുള്ള അഡ്രസ് ബിൽഡേഴ്സ് ഇന്റീരിയർ & എക്സ്റ്റീരിയർ ഫിറ്റിംഗ്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് എ5-2/2019 തീയതി 11.01.2019 പ്രകാരം (CRZ, NH ലംഘനങ്ങളുള്ളതിനാൽ) റദ്ദാക്കിയിരുന്നു. ടി സ്ഥാപനം കുറുപ്പം വീട്ടിൽ മുഹമ്മദ് എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണെന്നും പൊളിച്ചുകളയുന്നതിനായി കെട്ടിട ഉടമക്ക് ഉത്തരവ് നൽകിയെങ്കിലും ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉള്ളതിനാൽ നിലവിൽ പൊളിക്കുകയോ ടാക്സ് ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. കേസിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 13/19.10.2020)

## 1-17 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ നൽകി -വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ ഗണ്യമായ കുറവ്

വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ വിഭജിച്ച് നമ്പർ നൽകി വസ്തുനികുതി പുനർ നിർണ്ണയിച്ചപ്പോൾ, 100 ച.മീറ്ററിലധികമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 60 രൂപ/ച.മീറ്ററിൽ നിന്നും വ്യതിചലിച്ച് കുറഞ്ഞ നിരക്കായ 50 രൂപ/ച.മീ ആയി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ കുറവു വന്നിട്ടുണ്ട്.

<u>സ്ഥാപനങ്ങളുടെ വിവരം</u>

| കെട്ടിട നംപർ | ഉടമ |
|---|---|
| 3/20 എ മുതൽ ഐ വരെ | റഷീദ്, രായം മരക്കാർ വീട്ടിൽ |
| 11/1-ബി, സി, ഡി | കമറുദ്ദീൻ |

കമറുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് (നം. 11/1-ബി ) വിഭജിക്കുന്നതിന് മുൻപ് 16,717 രൂപയായിരുന്നു അടിസ്ഥാന വസ്തു നികുതി. എന്നാൽ ടി കെട്ടിടം വിഭജിച്ച് 11/1- ബി, സി, ഡി എന്നിങ്ങനെ നമ്പർ നൽകിയപ്പോൾ യഥാക്രമം 3787 രൂപ, 4876 രൂപ, 3210 രൂപ എന്നിങ്ങനെ ആകെ 11,873 രൂപ മാത്രമാണ് ടി കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി. നികുതി ഇനത്തിൽ ഇപ്രകാരം കുറവു വരുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനിടയാക്കുന്നതിനാൽ ഇപ്രകാരമുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.22/22.10.20)

## 1-18 വസ്തു നികുതി -നിർണ്ണയിച്ചതിലെ വ്യത്യാസം -മറ്റു അപാകതകൾ

1) ശ്രീ.കമറുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടനം.11/1/ബി വിഭജിച്ച് 3 നംപറുകളാക്കി. ഫയലിൽ അംഗീകരിച്ച പ്ലാൻ ഇല്ല. കെട്ടിടത്തിന്റെ മുൻപുണ്ടായിരുന്ന നികുതി നിർണ്ണയ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻ ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ടി കെട്ടിടത്തിന്റെ തറ വിസ്തീർണം 232.17 ച.മീ ആണ്. അന്നത്തെ അടിസ്ഥാന വസ്തു നികുതി 16,717 രൂപയാണ്. എന്നാൽ ഇപ്പോൾ താഴെ പറയും ഏരിയക്കാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് സഞ്ചയയിൽ നിന്നുള്ള നികുതി നിർണ്ണയ ഫോമുകളിൽ നിന്ന് വ്യക്തമാണ്.

| കെട്ടിട നമ്പർ | തറ വിസ്തീർണം | പുതുക്കി നിശ്ചയിച്ച നികുതി |
|---|---|---|
| 1/ബി | 81.26+55.35 = 136.61ച.മീ | 3787 |
| 1/സി | 81.26 | 4876 |
| 1/ഡി | 53.49 | 3210 |
| ആകെ | 271.36 | 11873 |

ഇപ്രകാരം അധികം വിസ്തീർണത്തിന നികുതി നിർണ്ണയിക്കാനിടയായതെന്തുകൊണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ 1/ബി കെട്ടിടത്തിന് 81.26 ച.മീ തറ വിസ്തീർണ്ണത്തിന മാത്രമാണ് നികുതി നിർണ്ണയിച്ചത്. ബാക്കി 55.35 ച.മീ-ന നികുതി നിർണ്ണയിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

2) കെട്ടിട നം.3/219/എ -210.68 ച.മീ വാസഗൃഹം നഞ്ച ഭൂമിയിൽ പണിയുന്നതിന് ശ്രീ.ജാരിസ്.എം.വി എന്നവർക്ക് അനുമതി നൽകിയത് ജില്ലാതല അധികൃത സമിതി ചെയർമാന്റെ ഉത്തരവ് നം.ടി.എ(2)5001/2015(5-11) തീ.28.10.15 പ്രകാരമാണ് (നിലം രൂപാന്തരപ്പെടുത്തുന്നതിന് അനുമതി). പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ 2 പ്രകാരം രൂപാന്തരപ്പെടുത്തിയ സ്ഥലമോ, ആയതിൽ നിർമ്മിച്ച വീടോ ഒരിക്കലും ക്രയവിക്രയം നടത്താൻ പാടുള്ളതല്ല. എന്നാൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിന്റെ ഓണർഷിപ്പ് ടുടർ വർഷത്തിൽ സുഹൈൽ & നാജിയ കറുപ്പം വീട്ടിൽ എന്ന പേരിലേക്ക് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണങ്ങളോടനുബന്ധിച്ച് അനുമതി പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3) വേക്കൻസി റമിഷൻ, ഡെമോളിഷ്ഡ് ബിൽഡിംഗ്, എക്സ് സർവ്വീസ് മെൻ എന്നവർക്ക് വസ്തു നികുതി ഇളവുകൾ നൽകിയതിനോടനുബന്ധിച്ച രജിസ്റ്ററുകൾ നികുതി ഇളവിന്റെയും ആയത് അനുവദിച്ച കമ്മിറ്റി തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ നൽകിയ ഇളവുകളുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപേക്ഷകളിൽ വാർഡ് ക്ലർക്കുമാരുടെ റിപ്പോർട്ടുകളുമില്ല. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/22.10.20)

## 1-19 പേറിവിഷൻ അരിയർ --അനുവദിച്ചതിലെ അപാകതകൾ

2014 ശമ്പളപരിഷ്കരണ ഉത്തരവ് ജി.ഒ(പി) 07/2016/ധനം. തീയതി.20.01.2016 പ്രകാരമുള്ള ശമ്പളകുടിശ്ശിക 4 ഗഡുക്കളായാണ് ജീവനക്കാർക്ക് അനുവദിച്ചത്.

1. ജി ഒ (പി ) 45/2017/ധനം.09.04.2017-- ആദ്യഗഡു

2.ജി ഒ (പി ) 128/2017/ധനം.06.10.2017-- രണ്ടാംഗഡു

3.ജി ഒ (പി ) 50/2018/ധനം.26.03.2018-- മൂന്നാംഗഡു

4.ജി ഒ (പി ) 146/2018/ധനം.16.09.2018—നാലാംഗഡു

ആദ്യ മൂന്ന് ഗഡുക്കൾ പി.എഫിൽ ക്രെഡിറ്റ് ചെയ്യുകയും നാലാം ഗഡു പണമായി നൽകുകയുമാണ് ചെയ്തത്. ഇതിൽ ഓഡിറ്റ് വർഷം പഞ്ചായത്തിലെ ജീവനക്കാർക്ക് പേറിവിഷൻ മൂന്നും, നാലും ഗഡുക്കളാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>3ാം ഗഡു</u>

| ജീവനക്കാരന്റെ പേര് | നൽകിയ തുക | വൗച്ചർ നം | ചെക്ക്നം |
|---|---|---|---|
| പി.സി.കാർത്തു, ഒ എ | 7028 | 2180074/ 3.5.18 | 661781/ 3.5.18 |
| പി.വി.മീന, പി ടി എസ് | 15460 | 21800096/ 14.5.18 | 9960998/ 8.5.18 |
| പീതാംബരൻ.ഐ.പി, ജെ എസ് | 17656 | 21800097/ 14.5.18-- 90377 രൂപ | 9960998/ 8.5.18 |
| ഷൈജി.പി.പി, സീനിയർ ക്ലർക്ക് | 15873 | | |
| കെ.സി.ആനന്ദൻ, സീനിയർക്ലർക്ക് | 16097 | | |
| സനോജ്.കെ.വി, ക്ലർക്ക് | 16004 | | |
| താഹിറ.പി.ഐ, എഫ് ടി എസ് | 18189 | | |
| പി.വി.മീന, പി ടി എസ് | 6558 | | |
| ഇ.എ.രാജൻ, സെക്രട്ടറി | 33452 | 21800098/ | 9960998/ |

| | | | |
|---|---|---|---|
| എ.എം.രംഗനാഥൻ, ക്ലർക്ക് | 10608 | 14.5.18<br>--44060 | 8.5.18 |

4ാം ഗഡു

| ജീവനക്കാരന്റെ പേര് | നൽകിയ തുക | വൗച്ചർ നംപർ | ചെക്ക് നം. |
|---|---|---|---|
| പി.സി.കാർത്തു, ഒ എ | 6817 | 21800441/ 8.10.2018, 104239 | 662073/<br>8.10.18 |
| പി.വി.മീന, പി ടി എസ് | 6327 | | |
| പീതാംബരൻ.ഐ.പി, ജെ എസ് | 17033 | | |
| ഷൈജി.പി.പി, സീനിയർക്ലർക്ക് | 15312 | | |
| കെ.സി.ആനന്ദൻ, സീനിയർ ക്ലർക്ക് | 15530 | | |
| സനോജ്.കെ.വി, ക്ലർക്ക് | 15440 | | |
| താഹിറ.പി.ഐ, എഫ് ടി എസ് | 17546 | | |
| എ.എം.രംഗനാഥൻ, ക്ലർക്ക് | 10234 | | |
| ഇ.എ.രാജൻ, സെക്രട്ടറി | 32269 | 21800440/<br>8.10.18 | 662072/<br>8.10.18 |

മേൽ പ്രകാരമുള്ള അരിയർ നൽകിയതിന്റെ ഡ്യൂ-ഡ്രോൺ പത്രിക പരിശോധിച്ചതിൽ എ.എം.രംഗനാഥൻ, ക്ലർക്ക് എന്നവരുടെ പത്രികയിലെ അപാകത ചുവടെ ചേർക്കുന്നു.

| മാസം/വർഷം | DUE | | DRAWN | |
|---|---|---|---|---|
| | BP | DA | BP | DA |
| 07/2014 | 24000 | 0 | 13210 | 10568 |
| 08/2014 | 24000 | 0 | 13210 | 10568 |
| 09/2014 | 24000 | 0 | 13210 | 10568 |
| 10/2014 | 24000 | 0 | 13210 | 10568 |
| 11/2014 | 24000 | 0 | 13540 | 10832 |
| 12/2014 | 24000 | 0 | 13540 | 10832 |
| 01/2015 | 24000 | 720 | 13540 | 11644 |
| 02/2015 | 24000 | 720 | 13540 | 11644 |
| 03/2015 | 24000 | 720 | 13540 | 11644 |
| 04/2015 | 24600 | 738 | 11620 | 9993 |
| 05/2015 | 24600 | 738 | 11620 | 9993 |
| 06/2015 | 24600 | 738 | 11620 | 9993 |
| 07/2015 | 24600 | 1476 | 11620 | 10690 |
| 08/2015 | 24600 | 1476 | 11620 | 10690 |
| 09/2015 | 24600 | 1476 | 11620 | 10690 |
| 10/2015 | 24600 | 1476 | 11620 | 10690 |
| 11/2015 | 24600 | 1476 | 11620 | 10690 |
| 12/2015 | 24600 | 1476 | 11620 | 10690 |
| 01/2016 | 24600 | 2214 | 11620 | 11388 |
| SEL 2015-16 | 24000 | 720 | 11620 | 9993 |

പുതുക്കിയ അടിസ്ഥാനശമ്പളം 7/2014 മുതൽ 03/2015 വരെ 24000 രൂപയും 04/2015 മുതൽ 01/2016 വരെ 24600 രൂപയുമാണ് പത്രികയിൽ

ചേർത്തിട്ടുള്ളത്. ശമ്പളപരിഷ്കരണത്തിന് മുമ്പുള്ള അടിസ്ഥാനശമ്പളം 07/2014 മുതൽ 10/2014 വരെ 13210, 11/2014 മുതൽ 03/2015 വരെ 13540, 04/2015 മുതൽ 01/2016 വരെ 11620 ആയും പത്രികയിൽ ചേർത്തിട്ടുണ്ട്. 04/2015 മുതൽ 01/2016 വരെ അടിസ്ഥാന ശമ്പളത്തിൽ കുറവ് ഉള്ളതായി കാണുന്നു. ഇതേ നിരക്കിൽ പരിഷ്കരണ പൂർവ ശമ്പളത്തിലും ഡി.എ.യിൽ കുറവുണ്ട്. എന്നാൽ തദനുസൃതമായി പുതുക്കിയ അടിസ്ഥാന ശമ്പളത്തിലോ, ഡി.എ.യിലോ കുറവ് ഇല്ല.

പരിഷ്കരണ പൂർവ ശമ്പളത്തിൽ അടിസ്ഥാന ശമ്പളത്തിൽ കുറവ് വന്നത് പരിശോധനാ വിധേയമാക്കി അതിന് അനുസരിച്ച് പരിഷ്കരണശേഷമുള്ള ശമ്പളത്തിൽ മാറ്റം വരുത്തി കുടിശ്ശിക നൽകിയതിലെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ജീവനക്കാരുടെ ഇക്കാലയളവിലെ ലീവ് വിവരം, ഹാജർപുസ്തകം, സേവനപുസ്തകം, പേബിൽ രജിസ്റ്റർ, ലീവ് സറണ്ടർ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. അരിയർ നൽകിയതിൽ ഇ.എ.രാജൻ സെക്രട്ടറിയുടേത് ഒഴികെ മറ്റാരുടേയും ലീവ് ഇനത്തിലെ ശമ്പളം കുറവ് ചെയ്തിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19/22.10.2020-ന് അരിയർ നൽകിയത് പരിശോധനാവിധേയമാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മേൽക്കാര്യങ്ങൾ പരിശോധിച്ച് ലീവ് ഉണ്ടെങ്കിൽ കുറവ് ചെയ്ത് ഒന്നും രണ്ടും ഗഡു അരിയർ ഉൾപ്പെടെ കുടിശ്ശിക നൽകിയതിലെ കൃത്യത പരിശോധനാവിധേയമാക്കേണ്ടതും അധികം/കുറവ് തുക നൽകിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-20 കുടിവെള്ളവിതരണം -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് -- S070/19

നിർവഹണ ഉദ്യോഗസ്ഥൻ-- സെക്രട്ടറി

അടങ്കൽ -- 136500 (വികസനഫണ്ട്-ജനറൽ)

ബിൽ നം.-- 18/17.10.2018-- 97,020/- (വൗച്ചർ നം.21800480/10.10.2018)

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 30.04.2018 മുതൽ 30.05.2018 വരെ കുടിവെള്ളം വിതരണം ചെയ്തതിന് 97,020 രൂപ ചെലവഴിച്ചു.

അപാകതകൾ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച ആർ-1138/18 തീയതി.16.04.2018 നമ്പർ കത്ത്, സ.ഉ.(സാധാ)നം.754/2018 തസ്വഭവ തീയതി.21.03.2018, സ.ഉ.(സാധാ)നം.852/2017 ഡിഎംഡി, തീയതി.02.03.2017 എന്നിവ പ്രകാരം കുടിവെള്ള വിതരണത്തിന് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ജിപിഎസ് ഘടിപ്പിച്ച ടാങ്കറുകൾ വഴി മാത്രം വെള്ളം വിതരണം ചെയ്യേണ്ടതാണ്.

23/2/17-ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ (വാട്ടർ അതോറിറ്റിയുടെ സ്രോതസുകൾ ഒഴികെയുള്ള സ്രോതസിലെ) ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും ടാങ്കർ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളിലും ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേഡ്സ് അതോറിറ്റി ലൈസൻസും കുടിവെള്ള പരിശോധനാ അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവ സംബന്ധിച്ച രേഖകൾ ഉണ്ടായിരിക്കണം.

കൂടാതെ വാടകയ്ക്ക് എടുക്കുന്ന ടാങ്കറിന്റെ വാടക നല്കുമ്പോൾ GPS ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കിലോമീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ച് ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011-ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്.

ഫയലിൽ ടെണ്ടറിനോടൊപ്പം ലാബ് പരിശോധന റിപ്പോർട്ട് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. കുടിവെള്ള വിതരണത്തിന് ഉപയോഗിച്ച സ്രോതസ്സിൽ നിന്നുള്ള വെള്ളം തന്നെയാണോ പരിശോധന വിധേയമാക്കിയത് എന്നും ഉറപ്പിക്കാനാകുന്നില്ല. വെള്ളം വിതരണത്തിന് ഉപയോഗിച്ച വാഹനങ്ങളിലെ (KL08T 1930, KL49B848) ടാങ്കറിന് FBO ലൈസൻസ് ഉണ്ടോ എന്ന് വ്യക്തമല്ല.

മേൽപ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വെള്ളം വിതരണം ചെയ്തതായി കാണുന്നു. ഓഡിറ്റ് എൻക്വയറിക്ക് 03/19.10.2020 ലഭ്യമാക്കിയ മറുപടിയിൽ ജിപിഎസ് പ്രവർത്തിക്കാതിരുന്നതിനാൽ ട്രാക്കിംഗ് റിപ്പോർട്ട് എടുക്കുവാൻ സാധിച്ചില്ല എന്നും കുടിവെള്ളത്തിന്റെ ക്വാളിറ്റി സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവ് പാലിച്ച് കൃത്യമായി കുടിവെള്ളവിതരണം നടത്തുന്നതിൽ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ.തീയതി.29.01.2018ഖ.11.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നടത്തിപ്പിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതിനുശേഷം പഞ്ചായത്തിന് കൈമാറേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനം ഏജൻസിയുമായി കരാർ വച്ചതിനുശേഷമേ തുക കൈമാറാവൂ. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ തദ്ദേശഭരണസ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

KSEB, KWA തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാകണമെന്നും ആയത്

സ്ഥാപനം മോണിറ്റർ ചെയ്യണമെന്നും സർക്കുലർ നം. ഡി.എ.1/881/2018/തസ്വഭവ തീയതി 28/12/18 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന്റെ തുടർ നടപടികളെക്കുറിച്ച് സർക്കുലർ നം. ഡി.എ.1/17/2019/തസ്വഭവ തീയതി.21/2/19 പറയുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2018-19 വർഷം സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം, തുക | വൗച്ചർ നം. | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | S131/19-പഞ്ചായത്ത് ശ്മശാനത്തിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ (KWA) | 38/06.02.2019-14000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 21800816/ 28.01.2019 | KWA PH Division, തൃശ്ശൂർ |
| 2 | S065/19-അംഗൻവാടി കുടിവെള്ളം | 19/09.11.2018— 16000 (MGNR) | 21800558/ 02.11.2018 | KWA PH Division, തൃശ്ശൂർ |
| 3 | S071/19-KSEB സ്ട്രീറ്റ് മെയിൻ വലിക്കൽ | 20/09.11.2018-- 143414 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 21800560/ 02.11.2018 | KSEB, ചാവക്കാട്-132396 |
| 4 | S071/19-KSEB സ്ട്രീറ്റ് മെയിൻ വലിക്കൽ | 20/09.11.2018-- 11018 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 21800560/ 02.11.2018 | KSEB Beach Section -11018 |
| 5 | S071/19-KSEB സ്ട്രീറ്റ് മെയിൻ വലിക്കൽ | ചെക്ക് നം.1896550/ 27.03.2019-50000 (ജില്ലാപഞ്ചായത്ത് വിഹിതം) | 21800980/ 25.03.2019 | KSEB, ചാവക്കാട് |

മുകളിൽ ചേർത്തിട്ടുള്ള പദ്ധതികൾ 2019-2020 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പഞ്ചായത്ത് ശ്മശാനത്തിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ (KWA), അംഗൻവാടി കുടിവെള്ളം എന്നിവയുടെ കരാർ (03/2018-19 /09.03.2019) വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 01.07.2019-നാണ് ഒപ്പുവച്ചത്. കരാർ ഒപ്പു വെക്കുന്നതിന് മുമ്പ് തുക കൈമാറി.

2) അംഗൻവാടി കുടിവെള്ളം എന്ന പദ്ധതിയിൽ വാർഡ് 3ലെ അംഗൻവാടി നം.43 ലേക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് 16000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 31.10.2018-ലെ 1/22/18 നം.തീരുമാനപ്രകാരം വാർഡ് 1-ലെ 44ാം നം. അംഗൻവാടി, വാർഡ് 4ലെ 42ാം നം. അംഗൻവാടി, വാർഡ് 6ലെ 38ാം നം.അംഗൻവാടി, വാർഡ് 7ലെ 34ാം നം. അംഗൻവാടി, വാർഡ് 9ലെ 31ാം നം. അംഗൻവാടി എന്നിവയുടെ കുടിവെള്ള കണക്ഷന് വേണ്ടി എസ്റ്റിമേറ്റ് ആവശ്യപ്പെടാം എന്ന് തീരുമാനിച്ചു. എന്നാൽ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതായി കാണുന്നില്ല. 50000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ 16000 രൂപ മാത്രമാണ് ചെലവഴിച്ചത്. ഏതൊക്കെ അംഗൻവാടികൾക്കാണ് കുടിവെള്ള സൗകര്യം ഇല്ലാത്തത് എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുവാൻ ശ്രമിച്ചിട്ടില്ല.

3) KSEB സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനാണ് പദ്ധതി. ഭരണസമിതിയുടെ 23/04/2018-ലെ 3(3)/18 തീരുമാനത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 132396 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന് തുക നൽകി.

11018 രൂപ ചാവക്കാട് ബീച്ച് സെക്ഷന് നൽകിയത് റോഡ് വികസനത്തിന്റെ ഭാഗമായി പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനാണ്. ഇത് പ്രോജക്ടിൽ ഉൾപ്പെട്ടതല്ല.

4. ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി പിന്നീട് താഴെപ്പറയും പ്രകാരം മറ്റ് പ്രവൃത്തികൾക്കായി KSEB എസ്റ്റിമേറ്റ് തയ്യാറാക്കി.

| വാർഡ് | പ്രവൃത്തി | തുക |
|---|---|---|
| വാർഡ് 10 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 15060 |
| വാർഡ് 10 | പോസ്റ്റ് മാറ്റൽ | 6745 |
| വാർഡ് 7 | Realigning LT line | 11017 |
| വാർഡ് 12 | 32 മീറ്റർ അഡീഷണൽ സ്ട്രീറ്റ് മെയിൻ, Shifting of LT Pole | 8251 |
| വാർഡ് 12 | Construction of 32m 3wire line | 37039 |
| വാർഡ് 13 | Construction of 132m 3wire line, 32മീറ്റർ അഡീഷണൽ സ്ട്രീറ്റ് മെയിൻ | 94269 |

| | | |
|---|---|---|
| | ആകെ | 172381 |

പദ്ധതിയിൽ 28474 രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നതിനാൽ വാർഡ് 13ൽ 28474 രൂപയുടെ എസ്റ്റിമേറ്റും മറ്റുള്ളവയുടെ ഡിമാന്റ് നോട്ടീസും നൽകുവാൻ KSEB-യോട് ആവശ്യപ്പെട്ടു. (20.02.2019-ലെ A2-1450/(71)/182019 നം. കത്ത്) കെ.എസ്.ഇ.ബി.യുടെ 100106 രൂപയുടെ ഡിമാന്റ് പ്രകാരം 50000 രൂപ അടവാക്കി. ബാക്കി 50107 രൂപ ബിൽ നം.24/28.10.2019 പ്രകാരം അടവാക്കി.

5. കൈമാറിയ തുകയുടെ കൈപ്പറ്റ് രസീതി, പൂർത്തീകരണ വിവരം, ഫൈനൽ ബിൽ എന്നിവ ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി 2/19.10.2020-ന് ലഭ്യമാക്കിയ മറുപടിയിലെ വിശദീകരണം ചുവടെചേർക്കുന്നു.

S131/19, S065/19 എന്നിവയിൽ പരിസരത്തുള്ള വെള്ളക്കെട്ട് മൂലവും വാട്ടർ അതോറിറ്റി കണ്ടെത്തിയ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ മൂലവുമാണ് കണക്ഷൻ കിട്ടാൻ വൈകിയതെന്നും 2020-2021-ൽ കണക്ഷൻ ലഭ്യമായതായും അറിയിച്ചിട്ടുണ്ട്.

S065/19-- അംഗൻവാടി 43-ലാണ് കുടിവെള്ളം അത്യാവശ്യമെന്നും മറ്റുള്ളവക്ക് വേറെ സ്രോതസ് ഉണ്ടെന്നുമാണ് മറുപടി.

S071/19-- വാർഡ് 1, 2, 4 ൽ പോസ്റ്റ് മാറ്റിയാൽ മാത്രമേ മെയിൻ വലിക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയത്.

പഞ്ചായത്തിന്റെ ആവശ്യങ്ങൾ വിലയിരുത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്യുന്നതും ഫണ്ട് വകയിരുത്തിയതും എന്ന് മറുപടിയിൽ നിന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രസീത്, പൂർത്തീകരണ വിവരം, ഫൈനൽ ബിൽ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 തെരുവുവിളക്ക് പരിപാലനം --പഞ്ചായത്തിൽ കൃത്യമായ വിവരങ്ങൾ ഇല്ല

2018-19 ൽ തെരുവുവിളക്ക് പരിപാലനത്തിനായി 4 പദ്ധതികളാണ് സെക്രട്ടറി നടപ്പാക്കിയത്.

1. S069/19- തെരുവുവിളക്കുകളുടെ പരിപാലനം

അടങ്കൽ -- 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം.-- 52/27.03.2019-99980/- (വൗച്ചർ നം.21800987/23.03.2019)

ടെണ്ടറിനോടൊപ്പമുള്ള വിവരങ്ങൾ പ്രകാരം തെരുവുവിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 40W ordinary bulb | 197 |
| 15W LED | 176 |
| FL Double tube 2*40 | 230 |
| FL Single tube40W | 236 |
| CFL | 89 |
| ആകെ | 828 |

ആകെ 3 ടെണ്ടറുകൾ ലഭിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയത് ശ്രീജ ബാബു, എം ജി ലൈറ്റ് ആന്റ് സൗണ്ട്, ബ്ലാങ്ങാട് എന്നവരാണ്. എന്നാൽ തെരഞ്ഞെടുത്തത് അബ്ദുൾ കബീർ, എ കെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ്, ചുറ്റനാട് എന്നവരെയാണ്. ഭരണസമിതി തീരുമാനം, കരാർ, വർക്ക് ഓർഡർ എന്നിവയുടെ വിവരം ഫയലിൽ ഇല്ല. വിളക്കുകൾ നന്നാക്കിയതായി കരാറുകാരൻ സമർപ്പിച്ച അപേക്ഷപ്രകാരം തുക അനുവദിച്ചു.

2. S082/19-തെരുവുവിളക്ക് മെയിന്റൻസ്

അടങ്കൽ -- 30000(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം.-- 17/17.10.2018-- 100010, (വൗച്ചർ നം.21800477/10.10.2018)

ബിൽ നം.-- 34/30.12.2018-- 99965, (വൗച്ചർ നം. 21800698/21.12.2018)

ഇത് 2017-18 ലെ സ്പിൽ ഓവർ പ്രവൃത്തിയാണ്.

ടെണ്ടർ, കരാർ, നിരക്ക് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2017-18ൽ ബിൽ നം.41/21.2.18- 200025 രൂപ കരാറുകാരന് (അബ്ദുൾകബീർ) നൽകിയിട്ടുണ്ട്.

അപാകതകൾ

1. പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അല്ല ടെണ്ടർ

ക്ഷണിച്ചിട്ടുള്ളത്.

2. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. ഈ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2 നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

3. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത കരാറുകാരൻ കേടുവന്ന വിളക്കുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്ത കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല.

4. തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. S073/19 –തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും

അടങ്കൽ-- 150000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം. 37/06.02.2019, 26270/- (വൗച്ചർ നം.21800817/28.01.2019)

ഫണ്ട് അലോക്കേഷൻ

1.തെരുവുവിളക്ക് സാമഗ്രികൾ വാങ്ങുക – 100എണ്ണം-- 75000

2.KSEB സൂപ്പർവിഷൻ ചാർജ് -- 5000

3.ഫിറ്റിംഗ് ചാർജ് -- 70000

KREWS, കാസർഗോഡ് ന്റെ ഇൻവോയ്സ് നം. KREWS/113/18-19/17.01.2019 പ്രകാരം 15W LED ലൈറ്റ് 100 എണ്ണവും അനുബന്ധ സാമഗ്രികളും വാങ്ങി. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പേജ് 33 പ്രകാരം വാങ്ങിയ ഇനങ്ങൾ 13 വാർഡിലേക്ക് വിതരണം ചെയ്തതായി ചേർത്തിട്ടുണ്ട്. എന്നാൽ ആർക്ക് വിതരണം ചെയ്തുവെന്നോ, കൈപ്പറ്റിയ വ്യക്തിയുടെ രസീതോ ഇല്ല. മാത്രമല്ല ഫിറ്റ് ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല.

4. S083/19--തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും

അടങ്കൽ-- 50201 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം. 03/23.05.2018, 10690/- (വൗച്ചർ നം.21800141/18.05.2018)

2017-18 ലെ സ്പിൽ ഓവർ പദ്ധതികളാണ്. പട്ടത്ത് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നം.40/17-18/18.1.18, 74799/- രൂപ ചെലവഴിച്ച് 2017-18ൽ 176 എണ്ണം 15W LED വിളക്കുകൾ വാങ്ങി. ഇവ ഫിറ്റ് ചെയ്യുന്നതിനായി A K Electricals എന്ന സ്ഥാപനത്തിന് 10690 രൂപ നൽകി. എന്നാൽ എവിടെ ഏത് പോസ്റ്റിൽ ഫിറ്റ് ചെയ്തു എന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാങ്ങിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി കരാറുകാരന് കൈമാറിയതിന്റെ രേഖകൾ ഇല്ല.

അപാകതകൾ പരിഹരിക്കാമെന്ന് ഓഡിറ്റ് എൻക്വയറി 15/21.10.2020 ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഹോണറേറിയം യഥാസമയം കൈമാറിയില്ല

പഞ്ചായത്തിലെ അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം യഥാസമയം കൈമാറിയില്ല.

പ്രോജക്റ്റ് – അംഗൻവാടി വർക്കർ ഹെൽപർ ഹോണറേറിയം (39/19)

നിർവഹണ ഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- 328500 (വികസനഫണ്ട് ജനറൽ )

ബിൽ നം. 26/06.12.2018, 3,28,500/- (വൗച്ചർ നം.21800728/30.11.2018)

പഞ്ചായത്തിലെ 15 വർക്കർമാർക്കും 15 ഹെൽപ്പർമാർക്കും കൂടി ആകെ 657000 രൂപയാണ് കൈമാറേണ്ടത്. വർക്കർമാർക്ക് 2200 രൂപ വീതവും ഹെൽപ്പർമാർക്ക് 1450 രൂപ വീതവും 12 മാസത്തേക്കാണ് ഈ തുക. ഇത് വികസനഫണ്ട് 2, 3 ഗഡുക്കളിൽ നിന്ന് കൈമാറേണ്ടതാണ്. അതിനുപകരം പഞ്ചായത്ത് 6 മാസത്തേക്കുള്ള ഹോണറേറിയം തുക (328500 രൂപ)ക്ക് പ്രോജക്ട് തയ്യാറാക്കി ട്രഷറിയിൽ നിന്ന് പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

വികസനഫണ്ട് 2ാം ഗഡു അനുവദിച്ച ഉത്തരവിലും (സ.ഉ.(സാധാ)നം.6345/2018 തീയതി.25.07.2018) 3ാം ഗഡു അനുവദിച്ച ഉത്തരവിലും (സ.ഉ.(സാധാ)9858/2018/ധനം, തീയതി.29.11.2018) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക (328500 രൂപ വീതം) കൃത്യമായി ചേർത്തിട്ടുണ്ട്. പഞ്ചായത്ത് തൻവർഷം കൈമാറേണ്ട തുകയുടെ (657000 രൂപ) പകുതി തുക (328500 രൂപ) മാത്രമാണ് കൈമാറിയത്. സർക്കാർ ഉത്തരവ് (സാധാ)നം.2312/2019/ധനം. തീയതി 22.03.2019 പ്രകാരം ട്രാൻസ്ഫർ ചെയ്ത തുക കുറവാണെങ്കിൽ ബാക്കി തുക കൂടി കൈമാറുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൈമാറാതിരുന്നതിന് കാരണങ്ങൾ വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി 7/19.10.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗൻവാടി ജീവനക്കാർക്കുള്ള ഹോണറേറിയം സർക്കാർ ഉത്തരവ് പ്രകാരം യഥാസമയം കൈമാറുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കുടിവെള്ള ഫൈബർ ടാങ്ക് വിതരണം-- അപാകതകൾ

പ്രോജക്ട് -കുടിവെള്ളം സംഭരിച്ച് വെക്കുന്നതിന് ഫൈബർടാങ്ക് (എസ് സി പി) (S037/19)

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ -- വികസനഫണ്ട്(എസ് സിപി) -- 29250

ഗുണഭോക്തൃവിഹിതം --- 9750

ആകെ ---- 39000

13 പേർക്ക് കുടിവെള്ളം സംഭരിച്ച് വെക്കുന്നതിന് ഫൈബർ ടാങ്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി.

ബിൽ നം.-- 33/22.12.2018, 29250/- (വൗച്ചർ നം.-- 21800672/20.12.2018)

ചെക്ക് നം.---602264/04.02.2019---11554 (വൗച്ചർ നം.-- 21800807/04.02.2019)

സിഡ്കോയുടെ ഇൻവോയ്സ് നം. OLR/2018-19/202/04.12.2018 പ്രകാരം 14 ടാങ്കുകൾ 40804 രൂപക്ക് വാങ്ങി.

അപാകതകൾ

1) 13 പേർക്കായി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും 14 ടാങ്കുകൾ വാങ്ങി വിതരണം ചെയ്തു. 14 എണ്ണത്തിന് പ്ലാൻഫണ്ട് തികയാത്തതിനാൽ തനതുഫണ്ട് ചെലവഴിച്ചു.

2) സ.ഉ.(സാധാ)നം.2638/2017/തസ്വഭവ. തീയതി.29.07.2017, സ.ഉ.(സാധാ)നം.1696/2018/തസ്വഭവ തീയതി.22.06.2018 പ്രകാരം സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന സിഡ്കോയിൽ നിന്ന് സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണ്ണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിച്ചു. സിഡ്കോയുടെ പ്രഫോർമ ഇൻവോയ്സ് 386/21.11.2018 ൽ Ocean, Classic, Triveni തുടങ്ങിയ ബ്രാന്റുകളുടെ വിലയാണ് ചേർത്തിട്ടുള്ളത്. ഇതിൽ നിന്നാണ് Ocean Black 500 ലിറ്റർ -2ലേയർ തെരഞ്ഞെടുത്തത്. ഇത് വിക്ടോറിയ പോളിഫോം, അരിമ്പൂർ എന്ന സ്ഥാപനത്തിന്റെ ഉൽപന്നമാണ്. പ്രോജക്ട് നടപ്പാക്കുന്നതിന് ആവശ്യമുള്ളത്ര ഫണ്ട് വകയിരുത്തുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 6/19.10.2020)

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -- പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2018-19 വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി 2 പദ്ധതികളാണ് സെക്രട്ടറി നടപ്പാക്കിയിട്ടുള്ളത്.

a) S119/19-- പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ

270 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

അടങ്കൽ -- 910000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

1. ബിൽ നം.-- 27/11.12.2018, 5,17,084/- (വൗച്ചർ നം.-- 21800666/06.12.2018 )

2.ബിൽ നം.-- 25/27.11.2018, 3,92,916/- (വൗച്ചർ നം.-- 21800559/22.11.2018 )

b) S003/19-- പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (കേരള വാട്ടർ അതോറിറ്റി)

അടങ്കൽ -- 278000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

1. ബിൽ നം.-- 14/14.08.2018, 278000/- (വൗച്ചർ നം.-- 21800344/30.07.2018 )

മേൽ പറഞ്ഞ 2 പ്രോജക്റ്റുകളിലായി, ആകെ 11,88,000 രൂപ മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, വൗച്ചർ നം.21801028/30.03.2019 (ചെക്ക് നം.662388/30.03.2019) പ്രകാരം തനതുഫണ്ടിൽ നിന്ന് 3,56,928 രൂപയും അടവാക്കിയിട്ടുണ്ട്. 2018-19 വർഷം അടവാക്കിയ ആകെത്തുക – 15,44,928/-. ഇതു കൂടാതെ 2017-18 വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 2,36,250/- രൂപയും (ബിൽ നം.21/17-18/29.8.17) പ്രകാരം 2,59,000 രൂപയും വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. (2017-18ൽ അടവാക്കിയ ആകെത്തുക 4,95,250).

ഫയലിൽ നിന്ന് ലഭ്യമായ പ്രകാരം വിവിധ മാസങ്ങളിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ജൂൺ 2018 (270 ടാപ്പ്) | സെപ്റ്റംബർ 2018 (168 ടാപ്പ്) | ഒക്ടോബർ 2018 (168 ടാപ്പ്) |
|---|---|---|---|
| കുടിശ്ശിക | 1093002 | 1178896 | 1296178 |
| പിഴ | 21161 | 23152 | 23266 |
| തൻമാസ ഡിമാന്റ് | 118125 | 73500 | 73500 |
| ആകെ | 1232288 | 1275548 | 1392944 |

അപാകതകൾ

1. പഞ്ചായത്തിൽ ആകെ പ്രവർത്തനക്ഷമമായ എത്ര ടാപ്പുകൾ ഉണ്ടെന്ന വിവരം ലഭ്യമല്ല. ഭീമമായ കുടിശ്ശികയുടെ കൃത്യത സംബന്ധിച്ച് രേഖകളില്ല.

2. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ഇല്ല.

3. ഏതുമാസം മുതലാണ് 168 ടാപ്പുകളായി കുറച്ചതെന്ന വിവരം ഇല്ല. ആയതിന്റെ കാരണം വ്യക്തമല്ല.

4. തുടർന്നുള്ള മാസങ്ങളിലെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ പഞ്ചായത്ത് തുക അടവാക്കിയതിനു ശേഷം കുടിശ്ശിക തുകയിൽ കുറവു ചെയ്തതായി കാണുന്നില്ല. 2017-18 വർഷം അടവാക്കിയ 495250 രൂപ കുറവു ചെയ്തതിനു ശേഷമാണോ കുടിശ്ശിക എന്ന് പരിശോധിച്ചതായി കാണുന്നില്ല.

5. തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 05.12.2018-ലെ 428/FM3/2018/ത.സ്വ.ഭ.വ നംപർ കത്തു പ്രകാരം കോഓർഡിനേഷൻ കമ്മറ്റിയുടെ 31.10.2018 ലെ 4.20 നംപർ തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക നൽകേണ്ട തുക ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനാൽ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്യണമെന്ന നിബന്ധനയോടെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പലിശ, പിഴപ്പലിശ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി.8/19.10.2020)

അപാകതകൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശ്ശിക വൻബാധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വെള്ളക്കരം അടവാക്കൽ -- അടവാക്കിയ മുഴുവൻ തുകയും വാട്ടർ അതോറിറ്റി കണക്കാക്കിയിട്ടില്ല

വാട്ടർഅതോറിറ്റിയുടെ 2110/LSG/1 തീയതി 15.03.2019 പ്രകാരം 168 ടാപ്പുകളുടെ കരം ഡിമാന്റ് ചെയ്തിട്ടുണ്ട്.

കുടിശ്ശിക-- 535132, പിഴ 10524, 3/2019-ലെ ഡിമാന്റ് – 73500. ഇപ്രകാരം ആകെ 6,19,156/- രൂപയാണ് ഡിമാന്റ്. പിഴ ഒഴിവാക്കി കരം അടവാക്കുവാൻ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് വിവരം ചുവടെ ചേർക്കുന്നു.

| മാസം | ഫൈൻ ഒഴിവാക്കിയ ഡിമാന്റ് | അടവാക്കിയത് | ബാക്കി |
|---|---|---|---|
| 05/2017--03/2019 | 18,03,928 | 14,47,000 | 3,56,928 |

ഇത് പ്രകാരം വൗച്ചർ നം.21801028/30.03.2019 (ചെക്ക് നം.662388/30.03.2019) പ്രകാരം 3,56,928 രൂപ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കി. 2018 നവംബർ മുതൽ 2019 മാർച്ച് വരെയുള്ള തുകയാണ് ഇത്. പഞ്ചായത്ത് ഇക്കാലയളവിൽ (05/2017—03/2019) ആകെ അടവാക്കിയ തുക 15,65,125 രൂപയാണ്.

| | പ്രോജക്ട് | ബിൽ നം./വൗച്ചർ നം. | അടവാക്കിയ തുക | ആകെ |
|---|---|---|---|---|
| 2018-19 | S119/19-- പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ | 27/11.12.2018 | 517084 | 11,88,000 |
| | | 25/27.11.2018 | 392916 | |
| | S003/19-- പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (കേരള വാട്ടർ അതോറിറ്റി) | 14/14.08.2018 | 278000 | |
| 2017-18 | S043/18 – പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ പ്രകാരം | 21/17-18/ 29.8.17 | 259000 | 4,95,250 |
| | തനതുഫണ്ട് | 21700039/24.4.17 | 118125 | |
| | | 21700061/8.6.17 | 118125 | |
| | | ആകെ | | 16,83,250 |

വാട്ടർഅതോറിറ്റി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് 05/2017-03/2019 കാലയളവിലേക്കായതിനാൽ വൗച്ചർ നം.21700039/24.4.17 പ്രകാരം അടവാക്കിയ 118125 രൂപ ഒഴിവാക്കിയാൽ അടവാക്കിയ തുക 1565125 (1683250-118125) രൂപയാണ്.

ഇപ്രകാരം ഈടാക്കിയ തുക 118125 രൂപ വാട്ടർ അതോറിറ്റിയുടെ വരും ബില്ലുകളിൽ നിന്ന് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 17/22.10.2020-ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇപ്പോഴും വാട്ടർ അതോറിറ്റി മാസം തോറും അയക്കുന്ന ഡിമാന്റ് നോട്ടീസിൽ പിഴയും പിഴപ്പലിശയും ഉൾപ്പെടുത്തുന്നതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോ ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല - ഭരണസമിതി തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

പഞ്ചായത്ത് ഭരണസമിതിയുടെ 31.10.2018-ലെ 1/21 നമ്പർ തീരുമാന പ്രകാരം KWA ഗാർഹികകണക്ഷൻ നൽകലും ലൈൻ നീട്ടലും എന്ന പദ്ധതിക്കായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം 4,44,000 രൂപ ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായും ഈ തുക ഗാർഹികകണക്ഷൻ നൽകാത്തവർക്ക് ഗാർഹിക കണക്ഷൻ ലഭിക്കാനായി ഉപയോഗിക്കാമോ, പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്റെ അധികവിലയിലേക്ക് വകമാറ്റാൻ സാധിക്കുമോ, എന്നിവയടക്കം തുക ഫലപ്രദമായി നിയമാനുസൃതം ഏതെല്ലാം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകുവാൻ വേണ്ടി ഡിപിസി മുഖേന കോ ഓർഡിനേഷൻ കമ്മറ്റിയോട് അഭ്യർത്ഥിക്കുവാൻ യോഗം ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു. 2016-17ൽ 320 ഗാർഹികകണക്ഷൻ നൽകലും അതിനാവശ്യമായ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും എന്നാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും ടെണ്ടർ ബിലോയിൽ ടെണ്ടർ നൽകിയ കരാറുകാരന്റെ ടെണ്ടർ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 160 പൊതുടാപ്പ് കട്ട് ചെയ്യുമ്പോൾ 320 ഗാർഹികകണക്ഷൻ നൽകുവാൻ ധാരണയായെങ്കിലും 31 പേർക്ക് സാങ്കേതികകാരണങ്ങളാൽ കണക്ഷൻ നൽകുവാൻ സാധിക്കാതിരുന്നതും വേൾഡ്ബാങ്ക് ഫണ്ടിന്റെ വിനിയോഗകാലാവധി അവസാനിച്ചതു മൂലമാണ് തുടർപ്രവർത്തനം നടത്തുവാൻ സാധിക്കാതിരുന്നതെന്നും യോഗം വിലയിരുത്തി. സർക്കാർ തലത്തിൽ പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ കണക്ക് ആവശ്യപ്പെടുമ്പോൾ വേൾഡ്ബാങ്ക് ഫണ്ടിന്റെ ചെലവാണ് ഉൾപ്പെടുത്തേണ്ടത് എന്നതിനാൽ വാട്ടർഅതോറിറ്റി ബിൽ തരുന്ന മുറക്ക് വേൾഡ്ബാങ്ക് ഫണ്ട് ആദ്യം ചെലവഴിച്ച വരികയും ചെയ്തതിനാൽ ഗുണഭോക്തൃവിഹിതം നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്തതാണ്. ഈയിനത്തിൽ പഞ്ചായത്ത് തീരുമാനം 7/05.11.2016 പ്രകാരം താഴെപ്പറയും പ്രകാരം 4,44,000 രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതുമാണ്.

ജനറൽ --- 248*1500-- 372000

എസ് സി --- 72*1000-- 72000

ആകെ --- 320പേർ-- 4,44,000 രൂപ

പദ്ധതിയുടെ വിവരം

2016-17 ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ആരംഭിച്ച പദ്ധതിയാണിത്.

| വർഷം | പ്രോജക്ട് | ഫണ്ട് അലോക്കേഷൻ | ചെലവ് | അഭിപ്രായം |
|---|---|---|---|---|
| 2016-17 | S095/17 - KWA ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലും | വേൾഡ് ബാങ്ക് വിഹിതം -- 6325000 | ബിൽ നം.- 09/WB/16-17 /30.3.17-- 719065 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല |
| | | ഗുണഭോക്തൃ വിഹിതം-- 75000 | ഇല്ല | |
| 2017-18 | S034/18- KWA ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലും | വേൾഡ് ബാങ്ക് വിഹിതം -- 5605935 | ബിൽ നം.- 25/17-18 /19.10.17-- 1752726 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല |
| | S034/18- KWA ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലും | ഗുണഭോക്തൃ വിഹിതം-- 75000 | ഇല്ല | |
| | S034/18- KWA ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലും | | ബിൽ നം.- 37/17-18 /18.1.18-- 909862 | |
| | S034/18- KWA ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലും | | ബിൽ നം.- 34/17-18 /18.1.18-- 550000 | |

മേൽപ്രകാരം വേൾഡ് ബാങ്ക് വിഹിതം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല. 320 ഗാർഹിക കണക്ഷൻ നൽകലും ലൈൻ നീട്ടലുമായിരുന്നു പദ്ധതി. ഈയിനത്തിൽ എത്ര കണക്ഷൻ നൽകി എന്ന് വ്യക്തമല്ല. ആയതനുസരിച്ച് പൊതുടാപ്പുകൾ ഒഴിവാക്കുകയും ചെയ്യണം. ഓരോ വാർഡിലെയും ഒഴിവാക്കിയ ടാപ്പുകളുടെ എണ്ണം, പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തുക കുറവു വരുത്തിയതിന്റെ വിവരം ഇല്ല.

ഓഡിറ്റ് എൻക്വയറി 18/22.10.2020-ന് ലഭ്യമാക്കിയ മറുപടിയിൽ കോ ഓർഡിനേഷൻ കമ്മറ്റിയിൽ നിന്ന് വ്യക്തമായ നിർദ്ദേശം ലഭിക്കാത്തതിനാലും ഗുണഭോക്തൃവിഹിതം അടച്ചെങ്കിലും സാങ്കേതികതടസ്സം മൂലം വാട്ടർ കണക്ഷൻ ലഭിക്കാത്ത ഗുണഭോക്താക്കളുടെ വിഹിതം ടിയാളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരവും അപേക്ഷ പ്രകാരവും തിരിച്ച് നൽകുന്നുണ്ട്. നാളിതുവരെയായി ഇപ്രകാരം 24 പേർക്ക് ഗുണഭോക്തൃവിഹിതം ഇനത്തിൽ 36,000 രൂപ തിരികെ നൽകിയതായും ബാക്കി തനതുഫണ്ടിൽ കിടക്കുന്ന ഗുണഭോക്തൃവിഹിതം തിരിച്ച് നൽകിവരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 289 കണക്ഷൻ നൽകിയതായും വിവിധ വാർഡുകളിലായി 102 പൊതുടാപ്പുകൾ കട്ട് ചെയ്തതായും അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ മേൽപ്രകാരം വേൾഡ് ബാങ്ക് ഫണ്ട് മാത്രമാണ് ഉപയോഗിച്ചത്. വേൾഡ് ബാങ്ക് ഫണ്ടിന് ആനുപാതികമായി

ഗുണഭോക്തൃവിഹിതം അടവാക്കിയില്ല. ആയതിനാൽ വേൾഡ് ബാങ്ക് ഫണ്ട് കൂടുതൽ ചെലവഴിച്ചു. ഇക്കാര്യത്തിൽ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. ഫണ്ടിന്റെ ചെലവ് കൂടുതൽ കാണിക്കുന്നതിന് വേണ്ടി വകയിരുത്തിയ എല്ലാ വിഹിതവും ചെലവഴിക്കാതിരിക്കുന്നത് ശരിയല്ല.

## 1-28 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ഇനങ്ങൾക്കും പ്രത്യേകം പേജ് നമ്പർ ചേർത്ത് സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബിൽ നംപർ, തീയതി, വിതരണ വിവരം എന്നിവ കൃത്യമായി ചേർക്കുന്നില്ല. ഓരോ ഇനങ്ങൾ വാങ്ങുമ്പോൾ ബിൽ നംപർ, തീയതി എന്നിവ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിതരണം ചെയ്യുമ്പോൾ കൈപ്പറ്റിയ വ്യക്തിയുടെ രസീത് വേണ്ടതാണ്. സ്റ്റോക്കിന്റെ മൂല്യം കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി ഓഡിറ്റ് എൻക്വയറി നം.05/19.10.2020-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 വിവിധ സ്രോതസിൽ നിന്നുള്ള ഫണ്ട് - വിനിയോഗിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ മുഴുവനായും ചെലവഴിക്കുന്നില്ല.

1. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ഈയിനത്തിൽ ലഭ്യമാകുന്ന ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ മുഴുവനായും ചെലവഴിക്കുന്നില്ല. താഴെപ്പറയും പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| വർഷം | ഇനം | വരവ് | ചെലവ് | റീഫണ്ട് | വൗച്ചർ നം. |
|---|---|---|---|---|---|
| 2016-17 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 270000 (S043/17, S044/17) | 42970 | 2,27,030 | 21800198/ 20.6.18 |
| 2017-18 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 175000 (S073/18) | 157700 | 17,300 | 21800199/ 20.6.18 |
| | ജില്ലാ പഞ്ചായത്ത് | 300500 (S075/18, S073/18) | 221825 | 78,675 | 21800200/ 20.6.18 |

2.ശുചിത്വമിഷൻ ഫണ്ട്

1. 2018-19 വാർഷികകണക്കുകൾ പ്രകാരം (RP-31)Total sanitation -320100115-- ഇനത്തിൽ 149606 രൂപ വരവും ബാലൻസ് ഷീറ്റ് B4 പ്രകാരം ഈ തുക തന്നെ ബാക്കിയുണ്ട്. ഈ തുക 2019-20ൽ ചെലവഴിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് 14/21.10.2020 മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. ശുചിത്വമിഷന്റെ 06.02.2019ലെ 2286/C1/2012/എസ് എം നമ്പർ കത്തു പ്രകാരം 26.02.2015ലെ ഇതേ നമ്പർ കത്ത് പ്രകാരം 0.5m3 ശേഷിയുള്ള വാട്ടർ ജാക്കറ്റ് സംവിധാനമില്ലാത്ത ബയോഗ്യാസ് പ്ലാന്റ് 46 എണ്ണം നടപ്പിലാക്കുന്നതിനായി സാങ്കേതികാനുമതിയും ആയതിന്റെ നിർവഹണത്തിനായി രണ്ട് ഗഡുക്കളായി 117300+44850=1,62,180 രൂപ നൽകിയിരുന്നു. 03.12.2015-ലെ ഇതേ നം. സാങ്കേതികാനുമതി പ്രകാരം 37 എണ്ണം 0.5m3 ശേഷിയുള്ള വാട്ടർജാക്കറ്റ് സംവിധാനമുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആകെ ശുചിത്വമിഷൻ വിഹിതമായ 185000 രൂപ അനുവദിച്ചിരുന്നു. ആയതിനാൽ അനുവദിച്ച തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം നിശ്ചിത പ്രഫോർമയിൽ സമർപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അനുവദിച്ച തുകക്ക് നാളിതുവരെ ആർജ്ജിച്ച പലിശ ഉൾപ്പെടെ തിരിച്ചടക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം ലഭിച്ച ഫണ്ടിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല .

3. RP-31 -320200322-Grants from Suchitwa mission ഇനത്തിൽ 1100000 രൂപ വരവും ബാലൻസ് ഷീറ്റ് B4 പ്രകാരം 1000000 രൂപ ബാലൻസും ഉണ്ട്. 100000 രൂപ മാത്രമാണ് 2018-19 വർഷം മാലിന്യസംസ്കരണത്തിനുവേണ്ടി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (S132/19) എന്ന പദ്ധതിക്കായി ചെലവഴിച്ചത്. ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ബാക്കി തുക ചെലവഴിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

വിവിധ സ്രോതസുകളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ

വിവിധ പദ്ധതികളിൽ ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നില്ല. പകരം പിന്നീട് ഗ്രാമസഭയുടെയോ, പഞ്ചായത്ത്

ഭരണസമിതിയുടെയോ സാധൂകരണം ലഭ്യമാക്കുന്നു.

1. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ

a.ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ധനസഹായം നൽകി.

S040/19-- വിവാഹ ധനസഹായം (എസ് സി പി)

ഇതിൽ ജാനു.സി.വി എന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

b.S079/19—ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച വാഹനം

കെൽട്രോൺ ഇലക്ട്രോസെറാമിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം.5163/2018-19/21.01.2019 പ്രകാരം 110cc സ്കൂട്ടർ വാങ്ങി. 4 പേർക്ക് വിതരണം ചെയ്തു. റഷീദ്, കറുപ്പംവീട്ടിൽ, മുഹമ്മദ് അലി, ആളൂരകായിൽ എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

c. S074/19-- ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ)

d. S041/19-- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ് സി പി)

അടങ്കൽ -- 200000 (വികസനഫണ്ട് എസ് സി പി)

മിർഷാദ്, അമ്പലത്തുവീട്ടിൽ, ഫാത്തിമ ഫിസ, വലിയകത്ത് മേപ്പുറത്ത്, മുഹമ്മദ് റിസ്വാൻ, പള്ളത്ത്, സഫ്വാൻ ചന്ദനപ്പറമ്പിൽ, ഐഷ വലിയകത്ത് പെരുംവീട്ടിൽ, ഫാത്തിമ, രായംമരക്കാർ വീട്ടിൽ എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് 16/22.10.2020 ലഭ്യമാക്കിയ മറുപടിയിൽ ലിസ്റ്റിന് പിന്നീട് സാധൂകരണം ലഭ്യമാക്കിയതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

2. സെക്രട്ടറിയുടെ പദ്ധതികൾ

a.S060/19-- കിണർ റീചാർജിംഗ് (എസ് സി)

12 പേർക്ക് ധനസഹായം നൽകി.

b.S063/19-- കിണർ റീചാർജിംഗ്

33 പേർക്ക് ധനസഹായം നൽകി.

ആകെ 26 പേരുടെ ലിസ്റ്റിന് സാധൂകരണം ലഭ്യമാക്കി.

3.വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ

a.S057/19— പശുക്കുട്ടി വളർത്തൽ

അടങ്കൽ -- 204000

17 പശുക്കുട്ടികളെ വിതരണം ചെയ്തു.

b.S058/19-- പെണ്ണാട് വളർത്തൽ (വനിതാ )

അടങ്കൽ -- 240000

20 പേർക്ക് പെണ്ണാടുകളെ വിതരണം ചെയ്തു.

S057/19— പശുക്കുട്ടി വളർത്തൽ പദ്ധതിയിൽ 3 പേരെയും S058/19-- പെണ്ണാട് വളർത്തൽ പദ്ധതിയിൽ 5 പേരെയും ഭരണസമിതിയുടെ 27/02/2020-ലെ 2(12)/20 തീരുമാനപ്രകാരം അംഗീകരിക്കുകയായിരുന്നു.

പദ്ധതി ആസൂത്രണഘട്ടത്തിൽ തന്നെ ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-31 കുടുംബശ്രീ സ്വയം സഹായ സംഘം കാൻറീൻ - കരാർ വ്യവസ്ഥകൾ പാലിച്ചില്ല

പ്രോജക്റ്റ് -കുടുംബശ്രീ സ്വയം സഹായ സംഘം കാൻറീൻ scp(spill over) (109/19)
നിർവഹണോദ്യോഗസ്ഥൻ-വി ഇ ഒ
ബിൽ നം-3/18-19 തിയ്യതി -29-5-18 തുക 1,50,000/-

മേൽ പദ്ധതി പ്രകാരം 13-ാംവാർഡിൽ പ്രവർത്തിയ്ക്കുന്ന വൃന്ദാവൻ കുടുംബശ്രീ കാൻറീൻ എന്ന സ്ഥാപനത്തിന് ( പട്ടിക ജാതി വനിത) സ്വയം തൊഴിൽ തുടങ്ങുന്നതിനായി ബാക്ക് എൻഡഡ് സബ്സിഡിയായി ബിൽ പ്രകാരമുള്ള തുക കാനറ ബാങ്കിലെ വായ്പ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ബാങ്കുമായി ഏർപ്പെട്ട കരാർ പ്രകാരം വായ്പ ചോദിയ്ക്കുന്ന വൃന്ദാവൻ കുടുംബശ്രീ കാൻറീൻ കാറ്ററിംഗ് യൂണിറ്റ് ബാങ്കിന്റെയും

സർക്കാരിന്റെയും നിബന്ധനകൾ പാലിച്ച് പ്രവർത്തനങ്ങൾ നടത്തി യഥാർത്ഥ വായ്പ തിരിച്ചടക്കുകയും വായ്പയും പലിശയും പൂർണ്ണമായും തിരിച്ചടച്ചതിനുശേഷം മാത്രം ഒന്നാം കക്ഷി അനുവദിയ്ക്കുന്ന സബ്സിഡി യൂണിറ്റിന്റെയും പ്രവർത്തനത്തിലേക്ക് ക്രമീകരിയ്ക്കേണ്ടതാണെന്നും ഏതെങ്കിലും കാരണത്താൽ വായ്പ തുക പൂർണ്ണമായും തിരിച്ചടക്കുന്നതിന് മുൻപായി പ്രവർത്തനങ്ങൾ അവസാനിപ്പിയ്ക്കുന്ന പക്ഷം സബ്സിഡി തുക യൂണിറ്റിൽ അനുവദിയ്ക്കുന്നതല്ല എന്നും നിയമാനുസൃതം ഒന്നാം കക്ഷിയ്ക്ക് തിരികെ രണ്ടാം കക്ഷി നൽകേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ വൃന്ദാവൻ കുടുംബശ്രീ കാൻറീനിന്റെ ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ 31-7-18 ന് ട്രാൻസഫർ ചെയ്ത സബ്സിഡി തുക ലോൺ തുകയിൽ നിന്നും കുറവ് ചെയ്തതായി കാണുന്നുണ്ട്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഇപ്രകാരം തക ട്രാൻസ്ഫർ ചെയ്തത് ഉചിതമായ നടപടിയല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 25/22.10.20)

## 1-32 വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. പ്രോജക്റ്റിന്റെ പേര് – പോട്ട് കമ്പോസ്റ്റ് ( sc)-spill over (115/19)

നിർവണോദ്യോഗസ്ഥൻ- വി ഇ ഒ

ബിൽ നം -4/18-19 തി 30-6-18 തുക-10,462/-

( സബ്സിഡി) 3488

മേൽ പദ്ധതി പ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് മാലിന്യ സംഭരണികൾ വിതരണം നടത്തിയതിന് തുക അനുവദിച്ച നൽകിയിട്ടുണ്ട്. മിനി പ്രദീപ്, ആളത്ത് ഒരുമനയൂർ എന്നവർക്ക് പോട്ട് കമ്പോസ്റ്റ് അനുവദിച്ചുനൽകിയിട്ടുണ്ട്. റേഷൻ കാർഡ് പ്രകാരം (1844019318) ടിയാരുടെ ജോലി സംസ്ഥാന സർക്കാർ ജീവനം എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ജി.ഒ.എം.എസ് 80/17 തസ്വഭവ 3-4-18 പ്രകാരം സർക്കാർ /അർദ്ധസർക്കാർ/ എയ്ഡഡ് / സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ പെൻഷണർ എന്നിവരാരെങ്കിലും ഉൾപ്പെടുന്ന കുടുംബങ്ങളെ ആനുകൂല്യം നൽകാൻ പരിഗണിയ്ക്കാവുന്നതല്ല. ടിയാരിക്ക് ആനുകൂല്യം അനുവദിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

2. പ്രോജക്റ്റ് – വീട് വാസയോഗ്യമാക്കൽ( sc)-spill over (110/19)

മേൽ പദ്ധതി പ്രകാരം 6,56,000 രൂപ 11 പേർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 2017-18 വർഷം 50000 രൂപ കൈപ്പറ്റിയ ലളിത എന്നവർ പ്രവർത്തി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-33 ആശുപത്രി മാനേജിംഗ് കമ്മറ്റികൾ

സ.ഉ (എം.എസ്) നം.125/2010/തസ്വഭവ തീയതി 14.03.2017 പ്രകാരമാണ് ആശുപത്രി മാനേജിംഗ് കമ്മറ്റികൾ രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ വന്നത്. 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങൾ (സ.ഉ.(എം.എസ്)നം.125/2010/തസ്വഭവ തീയതി 15.06.2010 (എസ് ആർ ഒ നം.598/2010) പ്രകാരം നിലവിൽ വന്നു. ചട്ടം 9(1) മുതൽ 9(4) വരെ ചട്ടങ്ങൾ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറാണ് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 1/19.10.2020 മറുപടിയായി ഒരുമനയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 30.01.2008 മുതൽ HMC പ്രവർത്തിച്ചുവരുന്നു. 2016-17 മുതൽ 2019-2020 വരെയുള്ള സാമ്പത്തികവർഷങ്ങളിലെ വാർഷിക കണക്കുകൾ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട് എന്നും ഒരുമനയൂർ ആയുർവേദ ഡിസ്പെൻസറിയിൽ 10.08.2005 മുതൽ HMC പ്രവർത്തിച്ചുവരുന്നു. 2019-2020 ലെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 1-34 തൊഴിലുറപ്പപദ്ധതി ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

തൊഴിലുറപ്പപദ്ധതിയുടെ ചെലവ് പത്രിക പ്രകാരം മുത്തമ്മാവ് പരിസരത്ത് ഖണ്ഡിക 5 ൽ ഉൾപ്പെടുന്ന ദുർബല വിഭാഗക്കാർക്ക് ഭവന നിർമ്മാണം എന്ന പ്രവർത്തിക്ക് 6504/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ, ചെലവ് രേഖകൾ, എം ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
(ഓഡിറ്റ് എൻക്വയറി നം.28/23.10.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല) രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 .

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 .

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.08.2019 | കെ.എസ്.എ.ടി.എസ്.ആർ എസ് 1/ 1120/19(51) തീയതി.26.08.2019 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(ജനറൽ) | 200000 | 0 |
| ആകെ | | 200000 | | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 337208 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 337208 | 0 |
| | 2018-19 | 50000 | കെഎസ് ഇബി സ്ട്രീറ്റ് മെയിൻ വലിക്കൽ | 50000 | 0 |
| | 2018-19 | 162500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(ജനറൽ) | 162500 | 0 |
| ആകെ | | 549708 | | 549708 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്കുള്ള -കുടിവെള്ള പദ്ധതി | 21801533 dt.23/3/2019 | 16000 | 0 | 16000 |
| | ശ്മശാനം കുടിവെള്ള കണക്ഷൻ | | 14000 | 0 | 14000 |
| കെഎസ് ഇബി | സ്ട്രീറ്റ് മെയ്ൻ എക്സ്റ്റൻഷൻ | 21801424 dt.30.01.2019 21801530 dt.22.03.2019 | 50000 | 0 | 50000 |
| | സ്ട്രീറ്റ് മെയ്ൻ എക്സ്റ്റൻഷൻ | 21800885 dt.20.10.2018 | 143414 | 0 | 143414 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ ലൈഫ് മിഷൻ | ലഭ്യമല്ല | 543010 | 0 | 0 | 0 | | 543010 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5300 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 5300 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5300 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെവിവരം<br>1.സ്പിന്നിംഗ് മിൽ സൊസൈറ്റിയിലേക്ക് അടച്ച ഷെയർ<br>2.ജില്ലാ സഹകരണ ബാങ്ക് നിക്ഷേപം. | തുക<br>5000<br>300 |

## 4-7 ഓഡിറ്റ് റിക്കവറി

2018-19 വാർഷിക കണക്കുകളിലെ RP-10 ഷെഡ്യൂൾ പ്രകാരം 332 രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-6 | 2009-10 | 3-6 | 10-ാം വാർഡ് ചാത്തൻതറ നിർമ്മാണ പദ്ധതിക്കായി കൺവീനർ | തുക തിരിച്ചടച്ച് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ് |

| | | | | | |
|---|---|---|---|---|---|
| | | | | കെ.സി.പ്രകാശന് 25000 രൂപ നൽകിയത് | |
| 2014-15 | 2-1 | 2016-17 | 2-1 | തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി മറുപടി നൽകിയിട്ടുള്ളതാണ് |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി മറുപടി നൽകിയിട്ടുള്ളതാണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33344461 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34714208 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02/9.12.2007 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.13-609/06/12.10.06/08.03.07 |
| 2000-01, 2001-02 പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98 (വരവ്) | എൽ.എഫ്.ടി.13-607/06/12.10.06/08.03.07 |
| 98-99 (വരവ്) | എൽ.എഫ്.ടി.13-608/08/12.10.06/08.03.07 |
| 2000-01 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |
| 2001-02 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |

| | |
|---|---|
| 2002-03 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04 വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12 /14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12 /14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.അർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1228/16 തി. 23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.8-32/17 തി. 6.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1405/17 തി. 17.10.17/18.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)-1719/2018 തീയതി: 04.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം ( Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ